**ആരോഗ്യവകുപ്പ് ഡയറക്ടറുടെ**

**നടപടിക്രമം തിരുവനന്തപുരം**

---

വിഷയം:- ആവഡ – ജീവനക്കാര്യം – മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലംമാറ്റം 2026 –ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലെ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1.ഉത്തരവ് (പി) നം.3/2017/ഉ.പ.ഭ.വ. തീയതി.25/02/2017.

2.സ.ഉ.(സാധാ)നം. 1097/2026/ആ.കു.വ തീയതി.14/03/2026.

3. സ.ഉ.(സാധാ)നം.1369/2026/ആകുവ തീയതി.10/04/2026.

4. സർക്കുലർ നം. ഇ.എച്ച് 1-31371/2025/ആവഡ. തീയതി.13/04/2026.

5. ജീവനക്കാർ സ്പാർക്ക് മുഖേന സമർപ്പിച്ച അപേക്ഷകൾ.

6. കരട് ഉത്തരവ് നം.ഇജി1-11081/2026/ആവഡ. തീയതി.29/05/2026.

7.DMO(H)WYND/2046/2026-A1 dated 2.6.2026

## ഉത്തരവ് നം: .ഇ ജി1- 11081/2026/ആ.വ.ഡ തീയതി: 08-06-2026

---

മേൽ പരാമർശം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിലെ 2026-ലെ പൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ ക്ഷണിച്ചിരുന്നു. അപ്രകാരം ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്- 2 തസ്തികയിലെ ഉദ്യോഗസ്ഥർ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്- 2 തസ്തികയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള ജീവനക്കാർ ആരും തന്നെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുന്നതിന് അർഹത ഉള്ളവരായി കാണുന്നില്ല. കൂടാതെ മേൽ തസ്തികയിലെ പൊതുസ്ഥലം മാറ്റത്തിനുള്ള കരട് പട്ടിക സ്പാർക്ക് മുഖേന ലഭ്യമായിരുന്നില്ല. ഈ വിവരം പ്രഖ്യാപിച്ചുകൊണ്ട് ആക്ഷേപമുണ്ടെങ്കിൽ 03/06/2026-നകം പരാതികൾ സമർപ്പിക്കുവാൻ നിർദ്ദേശം നൽകി പരാമർശം(6) പ്രകാരം കരട് നടപടിക്രമം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു.

പരാമർശം 7 പ്രകാരം കരട് പട്ടികയിൻമേൽ ലഭിച്ച അപ്പീൽ പരിശോധിച്ചു, ടി ജീവനക്കാരൻ 3 വർഷകാലയളവ് പൂർത്തീകരിക്കാത്തതിനാൽ പൊതുസ്ഥലംമാറ്റമാനദണ്ഡത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതിന് യോഗ്യത കാണുന്നില്ല. ആകയാൽ പരാമർശം 7 അപ്പീൽ പരിഗണിക്കാനാവില്ലായെന്നറിയിക്കുന്നു. മേൽ

സാഹചര്യത്തിൽ ആരോഗ്യവകുപ്പിലെ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലെ ഉദ്യോഗസ്ഥരുടെ 2026 പൊതുസ്ഥലംമാറ്റം സംബന്ധിച്ച തുടർനടപടികൾ അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by
Reena K J
Date: 08-06-2026
22:00:29

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ.

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും.
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്
3. ഫയൽ/കരുതൽ ഫയൽ.